LIBRARY ARCHIVES Kerala Legislative Assembly

ക്രമസമാധാന രംഗത്തെ പ്രശ്നങ്ങൾ

172 (1877) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാന രംഗത്തെ പ്രശ്നങ്ങൾ സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആകെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും അതിൽ എത്ര സ്ത്രീകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) സംസ്ഥാനത്ത് ഗുണ്ടാലിസ്റ്റിൽ എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇവരിൽ എത്ര പേർ ജയിലുകളിൽ ഉണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ) ക്രമസമാധാന പാലനം കേരള പോലീസ് കാര്യക്ഷമമായി നിർവ്വഹിച്ചു വരുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആകെ 1478 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ 514 സ്ത്രീകൾ (സ്ത്രീകൾ + പെൺകുട്ടികൾ) ഉൾപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഗുണ്ടാലിസ്റ്റിൽ 1536 പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ 79 പേർ ജയിലുകളിലുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ക്രമസമാധാന പരിപാലനം

173 (1878) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും പ്രത്യേകമാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്നും വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.